ഉത്തരം

(എ) ഉണ്ട്.

(ബി) കഴിവതും ഒരേ വകുപ്പിന്റെ വിവിധ സെക്ഷനുകളെ ഒരുമിച്ചാണ് ഇട്ടിരിക്കുന്നത്.

(സി) സ്ഥല പരിമിതി മൂലം തൽക്കാലം നിർവ്വാഹമില്ല.

സെക്രട്ടേറിയറ്റ് മന്ദിരങ്ങളിലെ വൈദ്യുതി, വെള്ളം ചാർജ്ജ്

14 (2965) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റ് മന്ദിരം അനക്സ് എന്നിവയ്ക്ക് 2002 ജനുവരി മുതൽ ഡിസംബർ വരെ മാസങ്ങളിൽ ഓരോ മാസവും വൈദ്യുതി ചാർജ്ജ് ഇനത്തിൽ ചെലവായ തുക എത്ര വീതമായിരുന്നു എന്ന് വിശദമാക്കുമോ ;

(ബി) ഈ കാലയളവിൽ വെള്ളക്കരം ഇനത്തിൽ ഓരോ മാസവും ചെലവുവന്ന തുക എത്രയായിരുന്നുവെന്നു കൂടി വ്യക്തമാക്കുമോ ;

(സി) സെക്രട്ടേറിയറ്റ് മന്ദിരത്തിലെ വൈദ്യുതി, ശുദ്ധജല ഉപയോഗം എന്നിവ കാര്യക്ഷമമാക്കാനും ചെലവ് കുറയ്ക്കാനും എന്തൊക്കെ പ്രവർത്തനങ്ങൾക്കാണ് ഇപ്പോൾ രൂപം നൽകിയിട്ടുള്ളതെന്നു കൂടി വിശദമാക്കുമോ ?

ഉത്തരം

(എ) സെക്രട്ടേറിയറ്റ് മന്ദിരം, അനക്സ് എന്നിവയ്ക്ക് 2002 ജനുവരി മുതൽ ഡിസംബർ വരെ പ്രതിമാസവും ദൈമാസവുമായി അടച്ച വൈദ്യുതി ചാർജ്ജ് സംബന്ധിച്ച വിവരങ്ങൾ അനുബന്ധം I-ൽ കൊടുത്തിട്ടുണ്ട്*.

(ബി) പ്രതിമാസം ശരാശരി ഓരോ കൺസ്യൂമർ നമ്പരിനും ഉണ്ടാകുന്ന ചെലവ് അനുബന്ധം II-ൽ കൊടുത്തിട്ടുണ്ട്*.

(സി) സെക്രട്ടേറിയറ്റിലെ വൈദ്യുതി, ശുദ്ധജലം എന്നിവയുടെ ഉപഭോഗം കാര്യക്ഷമമാക്കാനും ചെലവ് കുറയ്ക്കാനും ജീവനക്കാരെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി ഓഫീസ് സമയം കഴിഞ്ഞും ഓഫീസ് വീട്ടുപോകുമ്പോഴും ലൈറ്റും ഫാനും മറ്റ് വൈദ്യുതോപകരണങ്ങളും ഓഫ് ചെയ്യണമെന്നും വാട്ടർ ടാപ്പുകൾ ആവശ്യം കഴിഞ്ഞ് അടയ്ക്കണമെന്നും കർശന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പൊട്ടി ഒലിക്കുന്ന വാട്ടർ ടാപ്പുകൾ യഥാസമയം നന്നാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly